## 2014 ആഗസ്റ്റ് 24 ന് ചേർന്ന സിഐടിയു സംസ്ഥാന കമ്മിറ്റി പാസാക്കിയ പ്രമേയം

സംസ്ഥാനത്ത് മദ്യ ഉപഭോഗം കുറക്കാനുള്ള നടപടികൾ സ്വാഗതാർഹമാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ മദ്യം വില്പന നടത്തുന്ന സംസ്ഥാനമാണ് കേരളം. പാവപ്പെട്ട തൊഴിലാളികൾ വലിയ ഒരു വിഭാഗം മദ്യാസക്തിക്ക് അടിപ്പെട്ടവരാണ്. ചെറിയ വരുമാനം കൊണ്ട് ജീവിക്കുന്ന തൊഴിലാളി കുടുംബങ്ങളാണ് ഏറ്റവും കൂടുതൽ കഷ്ടപ്പാട് നേരിടുന്നത്. ഈ സാഹചര്യത്തിൽ മദ്യ വിപത്തിനെതിരായ എല്ലാ നടപടികളും ജനങ്ങൾ സ്വാഗതം ചെയ്യുന്നു. സർക്കാർ പ്രഖ്യാപിച്ച നയം നടപ്പാക്കുന്നതിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെടുന്നവർക്ക് പകരം ജോലി നൽകി സംരക്ഷിക്കാൻ സർക്കാർ നടപടി കൈക്കൊള്ളണം.

എന്നാൽ സമ്പൂർണ മദ്യനിരോധനം എന്ന യുഡിഎഫ് സർക്കാരിന്റെ പ്രഖ്യാപനം ഒട്ടും ആത്മാർത്ഥതയോടെയല്ല. സമ്പൂർണ മദ്യനിരോധനം ഏർപ്പെടുത്തുന്നതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും നിരോധനമേർപ്പെടുത്തിയ സംസ്ഥാനങ്ങളിലെ അനുഭവങ്ങളെക്കുറിച്ചും ശാസ്ത്രീയമായ ഒരു പഠനവും നടത്താതെയാണ് സർക്കാർ മദ്യനിരോധനം പ്രഖ്യാപിച്ചത്. കോൺഗ്രസിനുള്ളിലും യുഡിഎഫിലും ഉണ്ടായ തർക്കങ്ങളുടെ അടിസ്ഥാനത്തിൽ ഭരണം നിലനിർത്താനും, ഉമ്മൻചാണ്ടിയുടെ മുഖ്യമന്ത്രി സ്ഥാനം നിലനിർത്താനുമാണ് ഇപ്പോൾ സർക്കാർ മദ്യനിരോധന പ്രഖ്യാപനം നടത്തിയിരിക്കുന്നത്.

ബീവറേജസ് കോർപറേഷന്റെ പത്ത് ശതമാനം വില്പന ശാലകൾ പൂട്ടുന്നതിനെക്കാൾ പ്രായോഗികം പത്തുശതമാനം വില്പന കുറയ്ക്കുന്നതാണ്. കോർപറേഷൻ സപ്ലൈ ചെയ്യുന്ന വിദേശ മദ്യമാണ് വില്പന ശാലകളിൽ വില്ക്കുന്നത്. വില്പനയുടെ അളവു കുറച്ചാൽ ഉപഭോഗം കുറയ്ക്കാം. ബീവറേജസ് കോർപറേഷൻ വില്പന ശാലകൾ പ്രവർത്തിക്കുന്ന സമയം കുറയ്ക്കണം. സർക്കാർ ഇപ്പോൾ പറയുന്നതുപോലെ വില്പന ശാലകളുടെ എണ്ണം പത്തുശതമാനം കുറച്ചാലും മദ്യം വാങ്ങുന്നവർ മറ്റു വില്പന ശാലകളെ ആശ്രയിക്കും. 418 ബാറുകൾ അടച്ചിട്ടിട്ടും സംസ്ഥാനത്ത് മദ്യവില്പന കൂടുകയാണുണ്ടായത് എന്ന് എക്സൈസ് വകുപ്പു മന്ത്രി സംസ്ഥാന നിയമസഭയിൽ പറഞ്ഞത് ഓർക്കേണ്ടതാണ്.

ബീവറേജസ് കോർപറേഷന്റെ മദ്യ വില്പന കുറയുന്നതിന്റെ ഭാഗമായി തൊഴിലാളികളുടെ എണ്ണം കുറക്കേണ്ടി വരുമ്പോൾ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരെ ഒഴിവാക്കാം. പിന്നെയും ഒഴിവാക്കേണ്ടി വരുമ്പോൾ അവർക്കെല്ലാം പകരം ജോലി നൽകണം. ഈ കാര്യം സംബന്ധിച്ച് ട്രേഡ് യൂണിയനുകളുമായി സർക്കാർ ചർച്ച നടത്തണം.

കള്ള് ചെത്ത് വ്യവസായം സംരക്ഷിക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പാക്കുന്നതിന്റെ പ്രായോഗികത സംബന്ധിച്ച് ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്യണം. തൊഴിലാളി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കള്ളുഷാപ്പുകൾ നടത്തണം. വ്യാജ കള്ള് വില്പന കർശനമായി തടയണം.

കള്ളവാറ്റും വ്യാജമദ്യ വില്പനയും മയക്കുമരുന്നു വില്പനയും സംസ്ഥാനത്ത് വ്യാപകമാണ്. മദ്യം നിരോധിക്കുമ്പോൾ ഇത് പിന്നെയും വർധിക്കും. അട്ടപ്പാടിയിൽ സമ്പൂർണ മദ്യ നിരോധനം ഏർപ്പെടുത്തിയതിന്റെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. ഈ അവസ്ഥ സൃഷ്ടിക്കുന്ന അത്യാപത്തിനെക്കുറിച്ച് സർക്കാർ ഗൗരവമായി കാണണം. ഈ സാഹചര്യം നേരിടാനുള്ള മുന്നൊരുക്കങ്ങൾ നടത്തണം. അതൊന്നും ആലോചിക്കാതെ രാഷ്ട്രീയ മുതലെടുപ്പിനും കയ്യടിക്കും വേണ്ടിയുള്ളതാണ് യുഡിഎഫ് സർക്കാരിന്റെ പ്രഖ്യാപനം.

*************